**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2927** **10-03-2025 - ൽ മറുപടിയ്ക്ക്**

**പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി, പേരാമ്പ്ര നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി നടപ്പിലാക്കുന്നതിനായി എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. (KIIDC) ടെൻഡർ നടപടികൾ പൂർത്തിയാക്കി, പദ്ധതിയുടെ കരാർ 07.09.2020-ന് നടപ്പിലാക്കി. തുടർന്ന് പദ്ധതി പ്രവൃത്തികൾ പുരോഗമിക്കുകയും, കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിച്ചു. ഇതിന്മേൽ 01.04.2024-ലെ കോടതി വിധി പ്രകാരം, ചീഫ് സെക്രട്ടറി ഇടപ്പെട്ട് എത്രയും വേഗം പ്രശ്നം പരിഹരിക്കാൻ കോടതി നിർദ്ദേശം നൽകി.<br><br>തുടർന്ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 17.04.2024-ന് യോഗം ചേരുകയും, ഒന്നാമത്തെയും, രണ്ടാമത്തെയും ബാലൻസ് ബില്ലും, ബാക്കിയുള്ള പദ്ധതി പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബിയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബില്ലുകൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം കിഫ്ബിയിൽ സമർപ്പിക്കുകയും, കിഫ്ബി ബിൽ തുക കരാറുകാരന് അനുവദിച്ച നൽകുകയും ചെയ്തു.<br><br>കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പുതുക്കിയ രൂപരേഖ, പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.യിൽ സമർപ്പിക്കുകയും, എൻ.ഐ.ടി. പദ്ധതി പ്രദേശം സന്ദർശിച്ച് പുതുക്കിയ രൂപരേഖയ്ക്കുള്ള അംഗീകാരം നൽകുകയും ചെയ്തു. കിഫ്ബിയുടെ ചീഫ് ടെക്നിക്കൽ എക്സാമിനർ ഉൾപ്പടെയുള്ള ഉദ്യോഗസ്ഥരും കെ.ഐ.ഐ.ഡി.സി.യിലെ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തുകയും, അതിൻപ്രകാരം പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള കരാർ 2016 ഡി.എസ്.ആർ. ആസ്പദമാക്കിയുള്ളതാണ്; ആയത് അടിസ്ഥാനമാക്കിയാണ് പുതുക്കിയ എസ്റ്റിമേറ്റ് തയാറാക്കിയിരിക്കുന്നത്. പുതുക്കിയ രൂപരേഖ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും, ആയത് കിഫ്ബിയിലേക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റിനുള്ള അംഗീകാരം ലഭിക്കുന്ന മുറയ്ക്കും, ടി എസ്റ്റിമേറ്റ് പ്രകാരമുള്ള സപ്ലിമെന്ററി എഗ്രിമെന്റ് കരാറുകാരൻ ഒപ്പ് വെയ്ക്കുന്ന മുറയ്ക്കും പദ്ധതി പ്രവൃത്തികൾ പുനരാംരംഭിക്കാൻ സാധിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി നടപ്പിലാക്കുന്നതിനായി എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. (KIIDC) ടെൻഡർ നടപടികൾ പൂർത്തിയാക്കി, പദ്ധതിയുടെ കരാർ 07.09.2020-ന് നടപ്പിലാക്കി. തുടർന്ന് പദ്ധതി പ്രവൃത്തികൾ പുരോഗമിക്കുകയും, കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിച്ചു. ഇതിന്മേൽ 01.04.2024-ലെ കോടതി വിധി പ്രകാരം, ചീഫ് സെക്രട്ടറി ഇടപ്പെട്ട് എത്രയും വേഗം പ്രശ്നം പരിഹരിക്കാൻ കോടതി നിർദ്ദേശം നൽകി.<br><br>തുടർന്ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 17.04.2024-ന് യോഗം ചേരുകയും, ഒന്നാമത്തെയും, രണ്ടാമത്തെയും ബാലൻസ് ബില്ലും, ബാക്കിയുള്ള പദ്ധതി പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബിയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബില്ലുകൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം കിഫ്ബിയിൽ സമർപ്പിക്കുകയും, കിഫ്ബി ബിൽ തുക കരാറുകാരന് അനുവദിച്ചു നൽകുകയും ചെയ്തു.<br><br>കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പുതുക്കിയ രൂപരേഖ, പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.യിൽ സമർപ്പിക്കുകയും, എൻ.ഐ.ടി. പദ്ധതി പ്രദേശം സന്ദർശിച്ചു പുതുക്കിയ രൂപരേഖയ്ക്കുള്ള അംഗീകാരം നൽകുകയും ചെയ്തു. കിഫ്ബിയുടെ ചീഫ് ടെക്നിക്കൽ എക്സാമിനർ ഉൾപ്പടെയുള്ള ഉദ്യോഗസ്ഥരും കെ.ഐ.ഐ.ഡി.സി.യിലെ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തുകയും, അതിൻപ്രകാരം പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള കരാർ 2016 ഡി.എസ്.ആർ. ആസ്പദമാക്കിയുള്ളതാണ്; ആയത് അടിസ്ഥാനമാക്കിയാണ് പുതുക്കിയ എസ്റ്റിമേറ്റ് തയാറാക്കിയിരിക്കുന്നത്. പുതുക്കിയ രൂപരേഖ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും, ആയത് കിഫ്ബിയിലേക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റിനുള്ള അംഗീകാരം ലഭിക്കുന്ന മുറയ്ക്കും, ടി എസ്റ്റിമേറ്റ് പ്രകാരമുള്ള സപ്ലിമെന്ററി എഗ്രിമെന്റ് കരാറുകാരൻ ഒപ്പ് വെയ്ക്കുന്ന മുറയ്ക്കും പദ്ധതി പ്രവൃത്തികൾ പുനരാംരംഭിക്കാൻ സാധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ